# ESICയുടെ അടൽ ബീമിത് വ്യക്തി കല്യാൺ യോജന (ABVKY) ക്ക് ഒരു ആമുഖം



## തൊഴിലാളികളുടെ അന്തസ്സ് സംരക്ഷിക്കുന്നു
## അവരുടെ സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നു

सत्यमेव जयते

തൊഴിൽ ഉദ്യോഗ മന്ത്രാലയം
ഭാരത സർക്കാർ

എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് കോർപ്പറേഷൻ

**അടൽ ബീമിത് വ്യക്തി കല്യാൺ യോജന (ABVKY):** ഈ പദ്ധതി 1948 ലെ ESI നിയമത്തിന്റെ വകുപ്പ് 2 (9) ന് കീഴിൽ വരുന്ന ജീവനക്കാർക്ക് 90 ദിവസംവരെ ജീവിതത്തിൽ ഒരിക്കൽ മാത്രം ആശ്വാസ ധനം നൽകുന്ന രൂപത്തിൽ ESIC നടത്തുന്ന ക്ഷേമ പദ്ധതിയാണ്. തുടക്കത്തിൽ രണ്ട് വർഷത്തേക്ക് പൈലറ്റ് അടിസ്ഥാനത്തിൽ 01-07-2018 മുതൽ പ്രാബല്യത്തിലാണ് ഈ പദ്ധതി ആരംഭിച്ചത്. ഇപ്പോൾ ഈ പദ്ധതി, 2020 ജൂലൈ 1 മുതൽ 2021 ജൂൺ 30 വരെ ഒരു വർഷത്തേക്ക് കൂടി നീട്ടിയിട്ടുണ്ട്. പദ്ധതിയ്ക്ക് കീഴിൽ തൊഴിലില്ലായ്മ ആശ്വാസ നിരക്ക് നേരത്തെ ഉണ്ടായിരുന്ന വേതനത്തിന്റെ 25% നിന്ന് 50 % ആയി ഉയർത്തുകയും കൂടാതെ യോഗ്യതാ വ്യവസ്ഥകളിൽ ഇളവ് വരുത്തുകയും ചെയ്തിട്ടുണ്ട്. തൊഴിലാളിയ്ക്ക് തൊഴിൽ നഷ്ടപെട്ടതിന് തൊട്ടുമുൻപ് കുറഞ്ഞത് രണ്ട് വർഷമെങ്കിലും അയാൾ പരിരക്ഷിത തൊഴിലിൽ ഉണ്ടായിരുന്നിരിക്കണം, തൊഴിൽ ഇല്ലാതായതിന് തൊട്ടുമുമ്പുള്ള അംശാദായ കാലയളവിൽ 78 ദിവസത്തിൽ കുറയാതെയും, തൊഴിലില്ലായ്മക്ക് തൊട്ടുമുമ്പുള്ള രണ്ടു വർഷത്തിൽ ശേഷിക്കുന്ന മൂന്ന് അംശാദായ കാലയളവുകളിൽ കുറഞ്ഞത് ഒന്നിൽ എങ്കിലും 78 ദിവസത്തെയും വിഹിതം അടച്ചിട്ടുണ്ടായിരിക്കണം.

മറ്റു പ്രധാനപ്പെട്ട ഇളവുകൾ, തൊഴിൽ ഇല്ലാതായ തീയതി മുതൽ 30 ദിവസത്തിന് ശേഷം ഈ ആനുകൂല്യത്തിന് അർഹരാകുമെന്നതും, തൊഴിലാളിക്ക് നിർദിഷ്ട ESIC ബ്രാഞ്ച് ഓഫീസിൽ നേരിട്ട് അപേക്ഷ സമർപ്പിക്കാം എന്നതുമാണ്. വർധിപ്പിച്ച ആനുകൂല്യവും, വ്യവസ്ഥകളിലെ ഇളവും 2020 മാർച്ച് 24 മുതൽ 2020 ഡിസംബർ 31 വരെയുള്ള കാലയളവിലാണ് ബാധകമാകുക. ആശ്വാസം ലഭിക്കാനുള്ള അപേക്ഷ ഓൺലൈനിലായി www.esic.in വെബ്സൈറ്റിൽ നൽകാവുന്നതാണ്, അതോടൊപ്പം സത്യവാങ്മൂലം, ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവ സഹിതം അപേക്ഷയുടെ അസ്സൽ പകർപ്പ് തപാലിലോ നേരിട്ടോ നിർദ്ദിഷ്ട ഋടകള ബ്രാഞ്ച് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷയുടെ പരിശോധനയും പരിരക്ഷിത വ്യക്തിയുടെ (IP) ബാങ്ക് അക്കൗണ്ടിൽ തുക നല്കുന്നതുമെല്ലാം 15 ദിവസത്തെ സമയത്തിനുള്ളിൽ പൂർത്തിയാക്കുന്നതാണ്.

## അടൽ ബീമിത് വ്യക്തി കല്യാൺ യോജനയ്ക്കു കീഴിൽ

**തൊഴിലാളികൾക്കുള്ള ദുരിതാശ്വാസ സംഖ്യ ഇപ്പോൾ ഇരട്ടിയാക്കി**

**തൊഴിലാളിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് വരവ്‌വയ്ക്കുന്നു**

**യോഗ്യതാ മാനദണ്ഡത്തിൽ ഇളവ്**

**തൊഴിലാളികൾക്ക് www.esic.in ൽ ഓൺലൈൻ ആയി അപേക്ഷിക്കാൻ കഴിയും**

## അടൽ ബീമിത് വ്യക്തി കല്യാൺ യോജന (ABVKY) സംബന്ധിച്ച് "പതിവായി ചോദിക്കുന്ന ചോദ്യങ്ങൾ", അവയ്ക്കുള്ള മറുപടി

| ക്ര. നം. | ചോദ്യം | മറുപടി |
|---|---|---|
| 1 | ലോക്ഡോൺ വേളയിൽ ശമ്പളം ലഭിക്കാത്ത, വിഹിതം (0) പൂജ്യം എന്ന് കാണിക്കുന്ന പരിരക്ഷിത വ്യക്തികൾക്കും (IP) തൊഴിലില്ലായ്മ പരിരക്ഷ ലഭിക്കുമോ? | ഇല്ല |
| | ESIC ചലാൻ ലിസ്റ്റിൽ നിന്ന് കജ കളുടെ പേര് തൊഴിലുടമ നീക്കം ചെയ്യേണ്ടത് നിർബന്ധമാണോ? കാരണം ഭൂരിഭാഗം കേസുകളിലും തൊഴിലാളി കളുടെ വിഹിതം പൂജ്യം ആണ് കാണിക്കുന്നത്, എന്നാൽ അയോഗ്യരുമാണ്. | സ്കീമിന് കീഴിലെ ആനുകൂല്യം തൊഴിൽ നഷ്ടപ്പെട്ട IP കൾക്ക് മാത്രമാണ് ലഭിക്കുക. പ്രതിമാസ വിഹിത ചലാനിൽ നിന്ന് തൊഴിലുടമ അയാളെ/അവരെ ഒഴിവാക്കിയതായി കാണിച്ചാൽ മാത്രമേ ഒരു IP യെ തൊഴിൽ രഹിതനായി കണക്കാക്കുകയുള്ളൂ. തൊഴിലുടമ പ്രതിമാസ വിഹിത ചലാനിൽ IP യുടെ വിഹിതം "0" ആയി കാണിച്ചാൽ, അതിന് അർത്ഥം ആ IP ക്ക് ഇപ്പോഴും തൊഴിൽ ഉണ്ടെന്നും അത്തരം ജീവനക്കാർക്ക് തൊഴിലുടമ കുറച്ച് തുക നൽകിയേക്കാമെന്നുമാണ്. അതുകൊണ്ട് അത്തരം ജീവനക്കാർക്ക് സ്കീമിന് കീഴിലുള്ള ആനുകൂല്യത്തിന് യോഗ്യത ഉണ്ടായിരിക്കില്ല. |
| 2 | സ്കീമിന്റെ ആനുകൂല്യം ലോക്ഡോൺ വേളയിൽ ജോലി ഇല്ലാതിരിക്കുകയും എന്നാൽ ഇപ്പോൾ ജോലി ചെയ്യുന്നവരുമായ IP കൾക്ക് ലഭിക്കുമോ? | ആവശ്യമായ യോഗ്യതാ മാനദണ്ഡങ്ങൾ നിറവേറ്റുന്ന ജീവനക്കാർക്ക് പദ്ധതിയുടെ കീഴിൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കും. പക്ഷെ ആനുകൂല്യം അവകാശപ്പെടുന്ന കാലയളവിൽ ആ വ്യക്തി തൊഴിൽ രഹിതനായിരിക്കണം. |
| 3 | ക്ലെയിം ചെയ്യുന്ന വ്യക്തിക്ക് തൊഴിൽ ഇല്ലാതായ ശേഷം ആദ്യത്തെ 30 ദിവസത്തേക്ക് ക്ലെയിം ഫയൽ ചെയ്യാനാകില്ല. | ക്ലെയിം ചെയ്യുന്ന വ്യക്തിക്ക് തൊഴിൽ ഇല്ലാതായി (അതായത് ഒഴിവാക്കിയതായി തൊഴിലുടമ കാണിച്ചതിന്) 30 ദിവസത്തിനു ശേഷം അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷകന് തൊഴിൽ ഇല്ലാതായതിനു ശേഷം പൂർത്തിയായ മാസത്തേക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. |
| 4 | സിസ്റ്റം വഴി ക്ലെയിം സമർപ്പിക്കാൻ സാധിക്കുന്നത് പദ്ധതിക്ക് കീഴിലെ ആനുകൂല്യം നൽകുമെന്ന ഉറപ്പാണോ?. ക്ലെയിം തയ്യാറാക്കാൻ സിസ്റ്റം അനുവദിച്ച ശേഷവും ക്ലെയിം നിരസിക്കാൻ കഴിയുമോ? | സിസ്റ്റം വഴി ക്ലെയിം സമർപ്പിച്ചതുകൊണ്ട് സ്കീമിനെ കീഴിലെ ആനുകൂല്യം ലഭിക്കുമെന്നതിന് ഉറപ്പില്ല. ബ്രാഞ്ച് മാനേജർ തൊഴിലുടമയുടെ പക്കലുള്ള രേഖകൾ പരിശോധിച്ച് കഴിയുമ്പോൾ ക്ലെയിം ചെയ്ത വ്യക്തി അയോഗ്യനാണെന്ന് കണ്ടാൽ, അത്തരം കേസുകൾ അപൂർവമാണെങ്കിലും, ബ്രാഞ്ച് ഓഫീസർ/ മാനേജർക്ക് ക്ലെയിം നിരസിക്കുന്നതാണ്. |

| ക്ര. നം. | ചോദ്യം | മറുപടി |
|---|---|---|
| 5 | സൂപ്പർ ആനുവേഷനുള്ള പ്രായം എത്രയാണ്? | പരിരക്ഷിത വ്യക്തിയ്ക്കുള്ള സൂപ്പർ ആനുവേഷ നുള്ള പ്രായം ജോലിചെയ്യുന്ന കമ്പനിയുടെ നിയമാനുസൃതമായ നയത്തിന് അനുസരിച്ചാണ്. ESI നിയമത്തിലെ സെക്ഷൻ 56 പ്രകാരമുള്ള വിശദീകരണം അനുസരിച്ച് സൂപ്പർ ആനുവേഷ നുള്ള പ്രായം 60 വയസ്സായി കണക്കാക്കാ വുന്നതാണ്. |
| 6 | ജോലി ഉപേക്ഷിക്കുമ്പോൾ ജീവനക്കാർ കമ്പനിയിൽ രാജി സമർപ്പിക്കുന്നത് സാധാരണ നടപടിയാണ്. ജോലി ഉപേക്ഷിക്കാൻ രാജി സമർപ്പിച്ച ജീവനക്കാർക്ക് ABVKY ന് കീഴിലെ ആനുകൂല്യത്തിന് യോഗ്യത ഉണ്ടാകുമോ | രാജി സമർപ്പിച്ച ജീവനക്കാരെ തൊഴിൽ ഇല്ലാത്തവരായി കണക്കാക്കും, അവർക്ക് മറ്റെല്ലാ യോഗ്യതകളും ഉണ്ടെങ്കിൽ ജോലി ഉപേക്ഷിക്കുന്ന സമയത്ത് തൊഴിലുടമ റിട്രെഞ്ച്മെന്റ് ആനുകൂല്യമോ സാമ്പത്തിക നഷ്ടപരിഹാരമോ നൽകിയിട്ടില്ലെങ്കിൽ പദ്ധതിക്ക് കീഴിൽ ആനുകൂല്യം നൽകാവുന്നതാണ്. |
| 7 | ലോക്ഡോൺ (ഒരു സർക്കാർ ഉത്തരവ് വഴി താൽക്കാലികമായി സ്ഥാപനം അടച്ചിടാൻ തൊഴിലുടമ നിർബന്ധിതമാകുന്നത്) ABVKYന് കീഴിൽ ജീവനക്കാർക്ക് നഷ്ടപരിഹാരം നൽകാനുള്ള യോഗ്യതാ ഘടകം ആകുമോ. | ഇല്ല. തൊഴിലുടമ ലോക്ഡൗൺ/ലോക്ക് ഔട്ട് കാലയളവിൽ ജീവനക്കാരെ നിലനിർത്തുന്നു ണ്ടെങ്കിൽ, ലോക്ഡോൺ അല്ലെങ്കിൽ ലോക്ക് ഔട്ട വേളയിൽ ABVKY ന് കീഴിലെ ആനുകൂല്യം അനുവദനീയമല്ല. |
| 8 | ക്ലെയിമിന്റെ പരിശോധനാ വേളയിൽ ജീവനക്കാരോട് അവരുടെ തൊഴിലില്ലായ്മയെ കുറിച്ച് അന്വേഷിക്കുകയോ ബ്രാഞ്ച് മാനേജർ അവരുടെ തൊഴിൽ ഇല്ലായ്മയെ സംബന്ധിച്ച് പ്രസ്താവന എഴുതി വാങ്ങിക്കുകയോ ചെയ്യേണ്ടതുണ്ടോ? | ജീവനക്കാരനിൽ (തൊഴിൽ ഇല്ലാത്ത മുൻ IP) നിന്നും പ്രസ്താവന എഴുതിവാങ്ങേണ്ടതാണ്. ജീവനക്കാരിൽ നിന്നുള്ള അന്വേഷണവും ഒഴിവാക്കേണ്ടതാണ്. മുൻ IP യുമായി ബന്ധപ്പെട്ട ആവശ്യമായ എല്ലാ വിവരങ്ങളും രേഖകൾ പരിശോധിക്കുന്ന സമയത്ത് തൊഴിലുടമയിൽ നിന്നും ശേഖരിക്കാവുന്നതാണ്. |
| 9 | ജീവനക്കാരൻ ജോലി ഉപേക്ഷിച്ചെന്നോ, ജോലി രാജി വെച്ചെന്നോ, സ്വയം വിരമിച്ചെന്നോ പരിശോധനാ വേളയിൽ തൊഴിലുടമ വ്യക്തമാക്കുന്നു. | ജീവനക്കാരെ തൊഴിൽ ഇല്ലാത്തവരായി കണക്കാക്കുകയും, അവർക്ക് മറ്റു യോഗ്യതകൾ ഉണ്ടെങ്കിൽ രാജിയുടെ സമയത്ത്/ജോലി ഉപേക്ഷിക്കുമ്പോൾ തൊഴിലുടമ റിട്രെഞ്ച്മെന്റ് ആനുകൂല്യം/ സാമ്പത്തിക നഷ്ടപരിഹാരം നൽകിയിട്ടില്ലെങ്കിൽ ഈ പദ്ധതിപ്രകാരമുള്ള ആനുകൂല്യം നൽകാവുന്നതുമാണ്. |
| 10 | തൊഴിൽ ഇല്ലാതായ ജീവനക്കാരന്റെ EPF വിഹിതം അടച്ചിട്ടുണ്ടെങ്കിൽ, ജീവനക്കാരനെ തൊഴിൽരഹിത നായി കണക്കാക്കുമോ. | ഇല്ല.<br>പരിശോധനാ വേളയിൽ ജീവനക്കാരന്റെ EPF വിഹിതം അടച്ചിട്ടുള്ളതായി കണ്ടെത്തിയാൽ ജീവനക്കാരനെ തൊഴിൽരഹിതനായി കണക്കാ ക്കുന്നതല്ല. |

**കൂടുതൽ വിവരങ്ങൾക്ക്, ESIC ബ്രാഞ്ചുമായി അല്ലെങ്കിൽ ടോൾ ഫ്രീ നമ്പർ 1800 112516 ൽ ബന്ധപ്പെടുക**

सत्यमेव जयते

**തൊഴിൽ ഉദ്യോഗ മന്ത്രാലയം**
**ഭാരത സർക്കാർ**

www.facebook.com/labourministry
@labourministry

**എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് കോർപ്പറേഷൻ**

www.facebook.com/esichq
@esichq